**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2661 09/05/2017-ൽ മറുപടിയ്ക്ക്**
**നഗര പ്രദേശങ്ങളിലെ ഭവന രഹിതർ**

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നഗരപ്രദേശങ്ങളിലെ ഭൂരഹിതരും, ഭവനരഹിതരുമായ കുടുംബങ്ങൾക്ക് വീട് വെച്ച് നല്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ; | (എ) | നഗരപ്രദേശങ്ങളിൽ ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ച് നൽകുന്നതിന് കേന്ദ്രസർക്കാർ പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതി സംസ്ഥാനത്തെ 93 നഗരസഭകളിലും നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം നാളിതുവരെ 74 നഗരസഭകളിലായി 25654 വീടുകൾക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ഭൂരഹിത/ഭവനരഹിതർക്കും ഭവനം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (LIFE) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | നഗര പ്രദേശങ്ങളിൽ ഭവനരഹിതരുടെ സ്വന്തം ഭവനം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനായി 2017-18 വർഷത്തിൽ എത്ര വീടുകൾ നിർമ്മിച്ചു നല്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (ബി) | 2017-18 സാമ്പത്തിക വർഷത്തിൽ പി.എം.എ.വൈയുമായി സംയോജിച്ച് ലൈഫ് പദ്ധതിയിൽ 50,000 ഭവനങ്ങൾ നഗപ്രദേശങ്ങളിൽ നിർമ്മിച്ചുനൽകുവാൻ ലക്ഷ്യമിടുന്നു. |
| (സി) | കേന്ദ്ര വിഹിതവും, സംസ്ഥാന ഫണ്ടും സംയോജിപ്പിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഏത് ഏജൻസിയെയാണ് നിർവ്വഹണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | പ്രധാമന്ത്രി ആവാസ് യോജന (നഗരം) പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന തല നോഡൽ ഏജൻസിയായി ചുമതല ഏൽപ്പിച്ചിരിക്കുന്നത് കുടുംബശ്രീയെയാണ്. |

**സെക്ഷൻ ഓഫീസർ**